**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2442** **12/03/2020-ലെ മറുപടി**

**മലപ്പുറം ജില്ലയിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| എ) | മലപ്പുറം ജില്ലയിലെ ഇടവണ്ണ, രാമൻചാടി, എടവൂർ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ടെൻഡർ വ്യവസ്ഥകളിൽ അട്ടിമറി സാധ്യത ഉണ്ടെന്നും അവിടെ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ കാലാവസ്ഥ വ്യതിയാന തത്വങ്ങൾക്ക് എതിരാണെന്നും കാണിച്ച് 2019 നവംബർ 13 ന് കേരള വാട്ടർ അതോറിറ്റി എം.ഡി., ജല അതോറിറ്റി സാങ്കേതികാംഗത്തിന് കത്ത് നൽകിയിരുന്നോ; | (എ) | നൽകിയിരുന്നു. |
| ബി) | പ്രസ്തുത പദ്ധതികൾക്ക് ഉപയോഗിക്കുന്ന സ്ലഡ്ജ് ബ്ലാങ്കറ്റ് സാങ്കേതിക വിദ്യ ജല അതോറിറ്റിയുടെ ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്ഥലത്ത്; വിശദമാക്കുമോ; | ബി) | ഉണ്ട്. മലപ്പുറം നഗര ജലവിതരണ പദ്ധതയിലും, മാള- മൾട്ടി ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിയിലും ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് വരുന്നു. |
| സി) | പ്രസ്തുത പദ്ധതികളുടെ ടെൻഡർ നിലവിൽ ആർക്കാണ് നൽകിയിട്ടുള്ളത്; | സി) | റീടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത പദ്ധതികളുടെ കരാർ നിലവിൽ താഴെപ്പറയുന്നവർക്ക് നൽകാനാണ് ഉത്തരവായിട്ടുള്ളത്.<br>1.എടവണ്ണ - ശ്രീ.സിദ്ദിക്ക്, കൂട്ടുസംരംഭകൻ ശ്രീ.ഷാഹുൽ ഹമീദ്.<br>2.എടയൂർ - ശ്രീ.സിദ്ദിക്ക്, കൂട്ടുസംരംഭകൻ ശ്രീ.ഷാഹുൽ ഹമീദ്.<br>3.മഞ്ചേരി - ശ്രീ.ഷാഹുൽ ഹമീദ്, കൂട്ടുസംരംഭകൻ ശ്രീ.സിദ്ദിക്ക്.<br>4.രാമഞ്ചാടി - ശ്രീ.ഷാഹുൽ ഹമീദ്, കൂട്ടുസംരംഭകൻ ശ്രീ.സിദ്ദിക്ക്. |

| | | | |
|---|---|---|---|
| ഡി) | ഇതിനെപ്പറ്റി ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ എന്നറിയിക്കാമോ? | ഡി) | ഇതിനെപ്പറ്റി ഉയർന്നു വന്ന ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലെ ടെണ്ടർ കമ്മിറ്റി ടെണ്ടർ വ്യവസ്ഥ പ്രകാരം പ്രീ-ക്വാളിഫിക്കേഷൻ പുനഃപരിശോധിക്കുകയും അതിനെത്തുടർന്ന് ടെണ്ടറുകൾ സിംഗിൾ ടെണ്ടറുകൾ ആണെന്ന് കണ്ടെത്തുകയും നിലവിലെ സർക്കാർ ഉത്തരവുകൾ പാലിച്ച് മേല്പടി ടെണ്ടറുകൾ ക്യാൻസൽ ചെയ്യുന്നതിനും ആയത് പ്ളേറ്റ് സെറ്റ്ലെർ/റ്റ്യൂബ് സെറ്റ്ലെർ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന വിധത്തിൽ റീടെണ്ടർ ചെയ്യുന്നതിനുമുള്ള നിർദ്ദേശം മാനേജിംഗ് ഡയറക്ടർ നൽകുകയുണ്ടായി. ഇതേത്തുടർന്ന് റീടെണ്ടർ ചെയ്ത് ലഭിച്ച ടെണ്ടറുകൾക്കാണ് ഇപ്പോൾ അംഗീകാരം നൽകിയിരിക്കുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ